# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 40

29/11/2018 ൽ മറുപടിക്ക്

**ശബരിമലയിൽ നടത്തിയ സമരം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ഐ.ബി.സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ഭരണഘടനാബെഞ്ചിന്റെ വിധി, സംസ്ഥാനത്ത് വർഗ്ഗീയ ചേരിതിരിവിനുള്ള സുവർണ്ണാവസരമായി പ്രഖ്യപിച്ച രാഷ്ട്രീയ പാർട്ടിയുടെ നേതാവ് ശബരിമല ക്ഷേത്രം അടച്ചിടാൻ തന്ത്രിയോട് ആവശ്യപ്പെട്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ ശബരിമല തന്ത്രി നൽകിയ വിശദീകരണം അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തന്ത്രിയോട് വിശദീകരണം തേടിയിട്ടുള്ളത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. തന്ത്രി നല്കിയ വിശദീകരണം ബോർഡ് പരിശോധിച്ചുവരുന്നു എന്ന് തിരുവിതാകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പരികർമ്മികളിൽ ചിലർ ശബരിമല സന്നിധാനത്ത് ധർണ്ണ നടത്തിയത് സംബന്ധിച്ചും തീവ്ര വർഗീയവാദ സംഘത്തിൽപ്പെട്ടവർ പതിനെട്ടാം പടിയിൽ ആചാരലംഘനം നടത്തി കുത്തിയിരിപ്പ സമരം നടത്തിയത് സംബന്ധിച്ചും അന്വേഷണം നടത്തിയിരുന്നോ; | (ബി) | തന്ത്രിയുടെയും മേൽ ശാന്തിയുടെയും സഹായികളായ പരികർമ്മികൾ പതിനെട്ടാം പടിയ്ക്ക് മുമ്പിൽ പ്രതിഷേധത്തിന്റെ ഭാഗമായി ഇരുന്ന് ശരണം വിളിച്ചത് തെറ്റായ നടപടി ആയതിനാൽ അതിനെതിരെ ദേവസ്വം ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീവ്രവർഗീയവാദ സംഘത്തിൽപ്പെട്ടവർ പതിനെട്ടാം പടിയിൽ ആചാര ലംഘനം നടത്തി ക്രമ സമാധാനത്തിന് ഭംഗം വരത്തക്ക രീതിയിൽ കുത്തിയിരിപ്പ സമരം നടത്തിയത് സംബന്ധിച്ചും സർക്കാർ നിയമ നടപടി എടുത്തിട്ടുണ്ട്. |
| (സി) | ശബരിമല ആചാരാനുഷ്ഠാനങ്ങളിൽ ഇതിനുമുൻപ് കാലികമായ മാറ്റം ഉണ്ടായിട്ടുണ്ടോ; ഗൂഢ താല്പര്യത്തോടെ വിശ്വാസികളെ തെറ്റിദ്ധരിപ്പി ക്കുന്നവരെ തുറന്നു കാട്ടാൻ വേണ്ട ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ശബരിമലയിലെ ദർശന സമയം ഉൾപ്പെടെയുള്ള ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് ക്ഷേത്രം തന്ത്രിയുടെ അഭിപ്രായത്തോട് കൂടി ദേവസ്വം ബോർഡ് ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവർ ക്കെതിരെ ദേവസ്വം ബോർഡ് ഉചിതമായ |

| | | | |
|---|---|---|---|
| | | | നടപടി കൈക്കൊള്ളുന്നതാണ്. ഏതെങ്കിലും തരത്തിൽ ക്രമസമാധാന പ്രശ്നമുണ്ടാകുന്നപക്ഷം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നവരെ തുറന്നു കാട്ടാൻ വേണ്ട ഇടപെടൽ നടത്തിയിട്ടുള്ളതിന്റെ ഭാഗമായി തീർത്ഥാടനം സമാധാനപരമായി നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ